**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4429** **19-07-2022 - ൽ മറുപടിയ്ക്ക്**

**പുനലൂർ നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്-സം ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് സ്വകാര്യ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൈവറ്റായി ബിരുദ പഠനം നടത്തുന്ന പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഏത് വർഷം വരെയുള്ള അപേക്ഷകളിൽ ലംപ്-സം ഗ്രാന്റ് അനുവദിച്ചിരുന്നു എന്നു വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് സ്വകാര്യ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൈവറ്റായി ബിരുദ പഠനം നടത്തുന്ന അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും 2021-22 വർഷം വരെയുള്ള സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 2022-23 അധ്യയന വർഷത്തിൽ ഇതിനായി അനുവദിക്കുന്നതിനായി 12,90,00,000/ (പന്ത്രണ്ട് കോടി തൊണ്ണൂറ് ലക്ഷം)രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പുനലൂർ നിയോജക മണ്ഡലത്തിലെ വിവിധ സ്വകാര്യ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2020 – 21, 2021 - 22 വർഷങ്ങളിൽ പഠിച്ച കുട്ടികൾക്ക് ഇതുവരെ ഈ ആനുകൂല്യം അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള നടപടി ഉണ്ടാകുമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പുനലൂർ നിയോജക മണ്ഡലത്തിലെ അഞ്ചൽ ബ്ലോക്ക് പരിധിയിൽ വിദ്യാർത്ഥികൾ യഥാസമയം അപേക്ഷ സമർപ്പിക്കാത്തതിനാലാണ്. 2021-22 അധ്യയന വർഷം സ്കോളർഷിപ്പ് അനുവദിക്കാൻ സാധിക്കാത്തത് . അപേക്ഷ ലഭ്യമായാലുടൻ സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആനുകൂല്യം എന്നത്തേയ്ക്ക് കൊടുക്കാനാകുമെന്ന് വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പുനലൂർ നിയോജക മണ്ഡലത്തിലെ അഞ്ചൽ ബ്ലോക്ക് പരിധിയിൽ വിദ്യാർത്ഥികൾ യഥാസമയം അപേക്ഷ സമർപ്പിക്കാത്തതിനാലാണ്. 2021-22 അധ്യയന വർഷം സ്കോളർഷിപ്പ് അനുവദിക്കാൻ സാധിക്കാത്തത് . അപേക്ഷ ലഭ്യമായാലുടൻ സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ